**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കം ഇല്ല. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ 40 ലധികം കലാരൂപങ്ങളിലായി സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഫെല്ലോഷിപ്പ് കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽ നിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകി വരുന്നു.<br><br>ഒറ്റപ്പാലം മണ്ഡലത്തിന് കീഴിലുള്ള ഒറ്റപ്പാലം ബ്ലോക്ക്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ ക്ലസ്റ്ററുകളിലായി 15 കലാകാരന്മാർ 2018 മുതൽ 2021 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിച്ചിരുന്നു. 31.12.2021 ന് കാലാവധി അവസാനിച്ച കലാകാരന്മാർക്ക് പകരം പുതിയ 15 കലാകാരന്മാരെ 2022 ഫെബ്രുവരിയിൽ പ്രസ്തുത ക്ലസ്റ്ററുകളിൽ വിന്യസിക്കുകയും അവർ നിലവിൽ പദ്ധതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.<br><br>സാംസ്കാരിക വകുപ്പിന്റെ കിള്ളിക്കുറിശ്ശി മംഗലം, കുഞ്ചൻനമ്പ്യാർ സ്മാരകം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്മാരകത്തിന് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അനുവദിച്ച ഫണ്ട് വിവരം ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><th>ക്രമ നം.</th><th>സാമ്പത്തിക വർഷം</th><th>തുക</th></tr>
<tr><td>1</td><td>2017-18</td><td>9,50,000</td></tr>
<tr><td>2</td><td>2018-19</td><td>13,95,000</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവ നടപ്പാക്കപ്പെട്ട സ്ഥലവും വ്യക്തമാക്കാമോ;</td><td>(ബി)</td><td>
സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കം ഇല്ല. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ 40 ലധികം കലാരൂപങ്ങളിലായി സൗജന്യ, സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഫെല്ലോഷിപ്പ് കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽ നിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകി വരുന്നു.<br><br>
ഒറ്റപ്പാലം മണ്ഡലത്തിന് കീഴിലുള്ള ഒറ്റപ്പാലം ബ്ലോക്ക്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ ക്ലസ്റ്ററുകളിലായി 15 കലാകാരന്മാർ 2018 മുതൽ 2021 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിച്ചിരുന്നു. 31.12.2021 ന് കാലാവധി അവസാനിച്ച കലാകാരന്മാർക്ക് പകരം പുതിയ 15 കലാകാരന്മാരെ 2022 ഫെബ്രുവരിയിൽ പ്രസ്തുത ക്ലസ്റ്ററുകളിൽ വിന്യസിക്കുകയും അവർ നിലവിൽ പദ്ധതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.<br><br>
സാംസ്കാരിക വകുപ്പിന്റെ കിള്ളിക്കുറിശ്ശി മംഗലം, കുഞ്ചൻനമ്പ്യാർ സ്മാരകം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്മാരകത്തിന് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അനുവദിച്ച ഫണ്ട് വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>സാമ്പത്തിക വർഷം</th><th>തുക</th></tr>
<tr><td>1</td><td>2017-18</td><td>9,50,000</td></tr>
<tr><td>2</td><td>2018-19</td><td>13,95,000</td></tr>
</table>
</td></tr>
<tr><td>(സി)</td><td>അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(സി)</td><td>സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന കീഴ്വഴക്കം ഇല്ല. കേരളത്തിലെ</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ 40 ലധികം കലാരൂപങ്ങളിലായി സൗജന്യ, സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഫെല്ലോഷിപ്പ് കലാകാരന്മാരുടെ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽ നിന്ന് പ്രതിമാസം 10,000/- രൂപാ വീതവും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 7500/- രൂപാ വീതവും ഫെല്ലോഷിപ്പ് നൽകി വരുന്നു.<br><br>ഒറ്റപ്പാലം മണ്ഡലത്തിന് കീഴിലുള്ള ഒറ്റപ്പാലം ബ്ലോക്ക്, ഒറ്റപ്പാലം മുനിസിപ്പാലിറ്റി എന്നീ ക്ലസ്റ്ററുകളിലായി 15 കലാകാരന്മാർ 2018 മുതൽ 2021 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ പ്രവർത്തിച്ചിരുന്നു. 31.12.2021 ന് കാലാവധി അവസാനിച്ച കലാകാരന്മാർക്ക് പകരം പുതിയ 15 കലാകാരന്മാരെ 2022 ഫെബ്രുവരിയിൽ പ്രസ്തുത ക്ലസ്റ്ററുകളിൽ വിന്യസിക്കുകയും അവർ നിലവിൽ പദ്ധതിയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.<br><br>സാംസ്കാരിക വകുപ്പിന്റെ കിള്ളിക്കുറിശ്ശി മംഗലം, കുഞ്ചൻനമ്പ്യാർ സ്മാരകം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സ്മാരകത്തിന് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അനുവദിച്ച ഫണ്ട് വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1 | 2017-18 | 9,50,000 |
| 2 | 2018-19 | 13,95,000 |

സെക്ഷൻ ഓഫീസർ